(22) കുമളി കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷന്റെ ശോച്യാവസ്ഥ

ശ്രീ. കെ. കെ. തോമസ് : എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട അന്താരാഷ്ട്ര പ്രശസ്തിയുള്ള ടൂറിസ്റ്റ് കേന്ദ്രമാണ് തേക്കടി. തേക്കടിയിൽ പ്രതിദിനം വിദേശസഞ്ചാരികളുൾപ്പെടെ ആയിരക്കണക്കിന് വിനോദസഞ്ചാരികൾ എത്തുന്നുണ്ട്. കുമളിയിലുള്ള ഒരു കെ. എസ്. ആർ. ടി. സി. സ്റ്റേഷൻമാസ്റ്റർ ഓഫീസാണ് അവരുടെ ഏക ആശ്രയം. ആ ഓഫീസിന്റെ മുകൾഭാഗം മുഴുവൻ ജീർണ്ണിച്ചിരിക്കുകയാണ്. അടിയന്തിരമായി ആ ഓഫീസ് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇല്ലെങ്കിൽ അപകടം സംഭവിക്കുമെന്ന് ഓർമ്മപ്പെടുത്തുകയാണ്. അവിടെ ഒരു സബ് ഡിപ്പോ സ്ഥാപിക്കുന്നതിന് പ്രൊപ്പോസലുണ്ടായിരുന്നു. വർദ്ധിച്ച യാത്രക്കാരുടെ എണ്ണം പരിഗണിച്ച് ഒരു സബ് ഡിപ്പോ അടിയന്തിരമായി അവിടെ തുടങ്ങണം. അതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ സുന്ദരൻനാടാർ): കുമളിയിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടം ഒരു സ്വകാര്യ ഉടമയുടേതായതിനാൽ കോർപ്പറേഷന് നേരിട്ട് അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ കെട്ടിടം പുതുക്കിപ്പണിയുന്നതിനോ നിർവ്വാഹമില്ല. ഈ കെട്ടിടത്തിനു പകരം സൗകര്യപ്രദമായ മറ്റൊരു കെട്ടിടം കിട്ടുകയാണെങ്കൽ ഈ കെട്ടിടം ഒഴിഞ്ഞുകൊടുത്ത് പുതിയ കെട്ടിടത്തിലേക്ക് മാറാനും കോർപ്പറേഷന് ആലോചനയുണ്ട്. അതിനുവേണ്ടി പാണ്ഡ്യൻ ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി എഴുത്തുകുത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ തീരുമാനമനുസരിച്ച് ഒരു ബസ്സ്റ്റേഷൻ തുടങ്ങണമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സന്നദ്ധ സംഘടനകളോ അഞ്ചേക്കർ സ്ഥലം സൗജന്യമായി നൽകേണ്ടതാണ്. ബഹുമാനപ്പെട്ട മെമ്പറുടെ താല്പര്യംകൊണ്ട് അഞ്ചേക്കർ സ്ഥലം കഴിയുന്നതും വേഗം നൽകുകയാണെങ്കിൽ ബസ്സ്റ്റേഷൻ തുടങ്ങുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(23) മതിലകം പോലീസ് സ്റ്റേഷനതിർത്തിയിൽ നടന്ന മരണം

ശ്രീ. വി. കെ. രാജൻ :- മതിലകം പോലീസ്സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട കാരിക്കോട് എന്ന പ്രദേശത്ത് വലിയുത്തു പാപ്പുഞ്ഞി മകൻ അബ്ദുൾറഹിമാൻ നാലുമാസത്തിനുമുൻപ് സംശയാസ്പദമായ രീതിയിൽ മരണമടഞ്ഞു. അതൊരു കൊലപാതകമാണെന്നാണ് ജനങ്ങൾ വിശ്വസിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ മറവ് ചെയ്യപ്പെട്ട ജഡം വീണ്ടും പുറത്തെടുത്ത് പോസ്റ്റുമോർട്ടം നടത്തി നാലുമാസത്തിനു ശേഷവും പോസ്റ്റുമോർട്ടം റിപ്പോർട്ട് കിട്ടിയിട്ടില്ല. അതെക്കുറിച്ച് അറിയില്ല. അതിനു ശേഷമാണ് ബഹുമാനപ്പെട്ട മന്ത്രിതന്നെ ക്രൈംബ്രാഞ്ചിന് കേസ് വിട്ടുകൊടുത്തത്. ക്രൈം ബ്രാഞ്ച് വേണ്ടത്ര നന്നായി അന്വേഷിച്ചില്ല എന്നുപറഞ്ഞ് ജനങ്ങൾ പ്രക്ഷോഭ സമരത്തിലാണ്. അടിയന്തിരമായി ഈ കാര്യത്തിലിടപെട്ട് പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): അബ്ദു റഹിമാന്റെ ശവം അടക്കിയതിനുശേഷം അതിൽ സംശയമുണ്ടെന്നു പരാതി ലഭിച്ചതിനെത്തുടർന്ന് എക്സിക്യൂട്ടീവ് സെക്കന്റ് ക്ലാസ് മജിസ്ട്രേറ്റ്തന്നെ അതിന്റെ ഇൻക്വസ്റ്റ് നടത്താനുള്ള നടപടി സ്വീകരിക്കുകയും ഫോറൻസിക് മെഡിസിൻ പ്രൊഫസർതന്നെ അതിന്റെ പോസ്റ്റ്മോർട്ടം നടത്തുകയും ചെയ്തു. വിശദമായ കെമിക്കൽ പരിശോധനയ്ക്കായി അയച്ചിരിക്കുകയാണ്. ക്രൈം ബ്രാഞ്ച് അന്വേഷണം ഏറ്റെടുത്ത് ഊർജ്ജിതപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(24) കായംകുളം താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. തച്ചടി പ്രഭാകരൻ : സർ, കായംകുളം ഗവൺമെന്റ് ഹോസ്പിറ്റൽ ഒരു താലൂക്ക് ഹോസ്പിറ്റലായി ഒരു വർഷത്തിനു മുമ്പ് ഗവൺമെന്റ് അപ്ഗ്രേഡ് ചെയ്തതാണ്. ഇന്നവിടെ 114 ബെഡ്ഡുണ്ട്. 25 ബെഡ്ഡുകളുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ആകെ നാല് ഡോക്ടർമാരാണ് അവിടെയുള്ളത്. ഏകദേശം 40 മുതൽ 50 വരെയുള്ള ഗർഭിണികളെ അവിടെ ഇൻപേഷ്യന്റായിട്ട് അഡ്മിറ്റ് ചെയ്തുവരുന്നുണ്ട്. നാലു ഡോക്ടർമാരിൽ ഒരു ലേഡി ഡോക്ടർ ഉണ്ടെങ്കിലും അത് ഗൈനക്കോളജിസ്റ്റല്ല. അതുകൊണ്ട് ആവശ്യമായ ഡോക്ടർമാരേയും ആവശ്യമായ സ്റ്റാഫിനേയും അടിയന്തിരമായി നിയമിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇപ്പോൾ അവിടെ സൂപ്രണ്ടും രണ്ടു പോസ്റ്റ്ഗ്രാഡ്വേറ്റ് ഡോക്ടേഴ്സുമുണ്ട്. രണ്ട് ഡോക്ടർമാരെ ഈ അടുത്ത അവസരത്തിൽ നിയമിച്ചിട്ടുണ്ട്. അവർ ചാർജ് എടുക്കുന്നതായിരിക്കും.

(25) മലബാറിലെ സ്വകാര്യവനഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, കഴിഞ്ഞ പത്തിരുപത്തഞ്ചു കൊല്ലമായി പരിഹാരം കാണാതെ കിടക്കുന്ന മലബാർ മേഖലയിലെ മലയോരകർഷകരുടെ പട്ടയത്തിന്റെ പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കേരള സംസ്ഥാനത്തിൽ മലബാർ മേഖലയിലെ സ്വകാര്യവനങ്ങൾ ദേശവൽക്കരിക്കുന്ന അവസരത്തിൽ സ്വകാര്യവനഭൂമി അന്ന് കൈവശം വച്ചിരുന്ന ജന്മിമാർ പാട്ടത്തിനു കൊടുത്ത ഭൂമികളിൽ വാഴയും കപ്പയും റബ്ബറുമൊക്കെ കൃഷി ചെയ്തുവരുന്ന അനവധി കൃഷിക്കാർ ഉണ്ട്. അത്തരം കൃഷിക്കാർക്ക് ഇന്നുവരെ കൈവശരേഖ കിട്ടിയിട്ടില്ല. പട്ടയം കിട്ടിയിട്ടില്ല. സത്യത്തിൽ സർക്കാർ വനഭൂമി വെട്ടിനശിപ്പിച്ച് കയ്യേറിയ അതേ പ്രതീതിയാണ് മലബാറിലെ സ്വകാര്യവനഭൂമിയിൽ കൃഷി ചെയ്തുവരുന്ന കൃഷിക്കാരോടും ഈ ഗവൺമെന്റ് എടുത്ത സമീപനം. അതുകൊണ്ട് അടിയന്തിരമായി മലബാർ മേഖലയിലെ സ്വകാര്യ വനഭൂമി ദേശവൽക്കരിക്കുന്ന അവസരത്തിൽ 1964-ന് മുമ്പ് കൈവശക്കാരായിരുന്ന മുഴുവൻ ആളുകൾക്കും പട്ടയം കൊടുക്കുമെന്ന ഗവൺമെന്റിന്റെ പ്രഖ്യാപനം നടപ്പിലാക്കുന്നതിനുവേണ്ടി പരിശ്രമിക്കണം. എന്റെ പഞ്ചായത്തിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly